(സി) എങ്കിൽ എത്രയും വേഗം ഈ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ചേലക്കര നിയോജക മണ്ഡലത്തിൽ വരവൂർ, ദേശമംഗലം, കൊണ്ടാഴി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മെഡിക്കൽ ആഫീസർമാരുടെ തസ്തിക ഒഴിഞ്ഞ് കിടപ്പുണ്ട്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ പരാതി ലഭിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

ബി. സി. ജി. വാക്സിൻ മുൻകാലങ്ങളിലേതുപോലെ വിതരണം ചെയ്യാൻ നടപടി

119 [3818] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവജാത ശിശുക്കൾക്ക് എത്ര ദിവസത്തിനകമാണ് ക്ഷയരോഗ പ്രതിരോധ വാക്സിനായ ബി. സി. ജി. നൽകേണ്ടത്;

(ബി) ബി. സി. ജി. വാക്സിൻ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾക്ക് വിതരണം ചെയ്യുന്നത് സംസ്ഥാന ആരോഗ്യവകുപ്പിൽ നിന്നാണോ;

(സി) മുൻപ് ഒരു vial വീതം ബോട്ടിലുകളായി വിതരണം നടത്തിയിരുന്ന പ്രസ്തുത മരുന്ന് എന്തടിസ്ഥാനത്തിലാണ് ഇപ്പോൾ 21 vial ബോട്ടിലുകളായി വിതരണം നടക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കാരണത്താൽ ഇപ്പോൾ 2 ആഴ്ചയിലൊരിക്കൽ മാത്രമേ വിവിധ ആശുപത്രികളിൽ ബി. സി. ജി. വാക്സിൻ കുട്ടികൾക്ക് നൽകുന്നുള്ളു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതുമൂലം പ്രതിരോധ വാക്സിന്റെ ഗുണം കുട്ടികൾക്ക് ലഭിക്കാതെ വരുന്നു എന്നതിനാൽ മുൻകാലങ്ങളിൽ വിതരണം ചെയ്തിരുന്നതുപോലെ ഒരു vial അല്ലെങ്കിൽ 5 vial അളവുകളിൽ ബി. സി. ജി. വാക്സിൻ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നവജാത ശിശുക്കൾക്ക് ജനിച്ചയുടനെയാണ് ബി. സി. ജി. നൽകേണ്ടത്. ജനിച്ച് ഒന്നോ രണ്ടോ ദിവസങ്ങൾക്കുള്ളിൽത്തന്നെ ബി. സി. ജി. നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതേ.

(സി) ബി. സി. ജി. വാക്സിൻ 20 ഡോസുകളുടെ vial അഥവാ ആംപ്യൂൾ ആയിട്ടാണ് വിതരണം നടത്തിയിരുന്നതും ഇപ്പോൾ നടത്തുന്നതും 21 vial ബോട്ടിലുകളായി വിതരണം നടത്തുന്നില്ല.

(ഡി) ഇല്ല.

(ഇ) കേരളത്തിൽ 98 ശതമാനത്തോളം ജനനവും ആശുപത്രികളിൽ നടക്കുന്നതുകൊണ്ട് ജനിച്ച ഉടനെതന്നെ കുഞ്ഞുങ്ങൾക്ക് ബി. സി. ജി. നൽകാനുള്ള നടപടികൾ നിലവിലുണ്ട്. ജനിച്ച ഉടനെ ബി. സി. ജി. എടുക്കാത്ത കുഞ്ഞുങ്ങൾക്ക് മാത്രമേ മറ്റ് ആശുപത്രികളിൽനിന്നും എടുക്കേണ്ടിവരുന്നുള്ളൂ. അവരുടെ എണ്ണം വളരെ കുറവാണ്. എല്ലാ ബുധനാഴ്ചകളിലും ബി. സി. ജി. ഉൾപ്പെടെ പ്രതിരോധ കുത്തിവയ്പുകൾ മുഴുവൻ സർക്കാർ ആശുപത്രികളിൽ നടത്തിവരുന്നു.

എയ്ഡ്സ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

120 [3819] *ശ്രീ. വി. ചെന്താമരാക്ഷൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001, 2002, 2003, 2004 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് എയ്ഡ്സ് രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) എയ്ഡ്സ് രോഗം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2001, 2002, 2003, 2004 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് എയ്ഡ്സ് രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിന്റെ വിശദാംശം ചുവടെചേർക്കുന്നു. 2001-ൽ 1219 രോഗികളുണ്ടായിരുന്നത് 2002-ൽ 1696 ആയും 2003-ൽ 1960 ആയും 2004-ൽ 2003 ആയും വർദ്ധിച്ചിട്ടുണ്ട്.

(ബി) എച്ച്. ഐ. വി. വ്യാപനം തടയുക, രോഗബാധയുടെ നിരക്കും മരണ നിരക്കും കുറച്ചുകൊണ്ടുവരിക, എച്ച്. ഐ. വി. അണുബാധമൂലം ഉണ്ടാകുന്ന സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതങ്ങൾ കുറയ്ക്കുക എന്നീ ലക്ഷ്യത്തോടെ

LIBRARY ARCHIVES Kerala Legislative Assembly